**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **27.04.2017-ൽ മറുപടിക്ക്**
**ചോദ്യം നം. 750**

## മത്സ്യസമ്പത്തിലെ കുറവ്

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ. വി.ടി. ബൽറാം** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേരള സമുദ്രതീരത്തെ മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | കേരള തീരത്ത് നടപ്പിലാക്കി വരുന്ന ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതി നടത്തിയ പരിശോധനയിൽ മത്സ്യ ലഭ്യതയിൽ കുറവു കാണുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിനു കീഴിലെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം 9 മറൈൻ ജില്ലകളിൽ നടപ്പാക്കുന്ന മറൈൻ ക്യാച്ച് അസസ്സ്മെന്റ് സർവ്വെയുടെ 2006-07 മുതലുള്ള 10 വർഷത്തെ കടൽ മത്സ്യ ഉല്പാദനത്തിന്റെ കണക്കുകൾ പ്രകാരം സമുദ്ര മത്സ്യോല്പാദനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

**2006-07 മുതൽ 2015-16 വരെയുള്ള കാലയളവിലെ കടൽ മത്സ്യ ഉല്പാദനം സ്ഥിതി വിവര കണക്ക്**

| *Sl. No.* | *Year* | *Production (Metric Tonne)* |
|---|---|---|
| 1 | 2006 -07 | 598057 |
| 2 | 2007-08 | 586286 |
| 3 | 2008-09 | 583150 |
| 4 | 2009-10 | 570013 |
| 5 | 2010-11 | 560398 |
| 6 | 2011-12 | 553177 |
| 7 | 2012-13 | 530638 |
| 8 | 2013-14 | 522308 |
| 9 | 2014-15 | 524468 |
| 10 | 2015-16 | 516745 |

സെക്ഷൻ ഓഫീസർ